## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T3230 — 14.03.2018-ൽ മറുപടിയ്ക്ക്

**ലോട്ടറി കേന്ദ്രങ്ങളിൽ ചൂതാട്ടം**

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, ടി.എ.അഹമ്മദ് കബീർ<br>,, കെ.എം.ഷാജി<br>,, സി.മമ്മൂട്ടി : | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ചില ലോട്ടറി കേന്ദ്രങ്ങളിൽ ചൂതാട്ടം നടക്കുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തി യിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ബി) | ലോട്ടറി ചൂതാട്ടത്തിന്റെ ഭാഗമായ എഴുത്ത് ലോട്ടറിക്കെതിരെ 29/01/2018 -ന് സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ റെയ്ഡിൽ 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 57 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് രേഖപ്പെടുത്തിയവരിൽ 9 പേർ ഏജൻറുമാരും അവരുടെ തൊഴിലാളികളുമാണ്. ഏജൻറുമാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിവിധ മാധ്യമങ്ങൾ മുഖേനയും, വ്യക്തികൾ വഴിയും ലോട്ടറി ചൂതാട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ ലഭ്യമാകുന്ന വാർത്തകളും പരാതികളും ക്രോഡീകരിച്ച് വിശദാംശങ്ങൾ സഹിതം തുടരന്വേഷണത്തിനും, മേൽ നടപടികൾക്കും വേണ്ടി, ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പോലീസ് എൻഫോഴ്സ്മെൻറ് അതോറിറ്റിക്ക് കൈമാറി, സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ